# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 7554 | 14.07.2014-ൽ മറുപടിക്ക് |
|---|---|

### ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെ യോഗ്യതാ മാനദണ്ഡം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ്<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.എം.വി. ശ്രേയാംസ് കുമാർ<br>ശ്രീ.പി.സി. ജോർജ്ജ് | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| (എ) | ഐ.സി.ഡി.എസ് സൂപ്പർവൈസർ തസ്തികയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നവരുടെ യോഗ്യതാ മാനദണ്ഡവുമായി ബന്ധപ്പെട്ട പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത തസ്തികയിലേയ്ക്ക് ബിരുദം/ബി.എഡ് മുതലായ അധിക യോഗ്യത നേടിയ ഉദ്യോഗാർത്ഥികളെ കൂടി പരിഗണിക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ; | (ബി) | വകുപ്പിന്റെ നിലവിലെ വിശേഷാൽ ചട്ടമനുസരിച്ച് (ജി.ഒ.(പി) നമ്പർ 54/2010/ എസ്.ഡബ്ല്യൂ.ഡി. തീയതി 10.08.2010) സൂപ്പർവൈസർ തസ്തികയിലേയ്ക്ക് നേരിട്ടുള്ള നിയമനത്തിന് ചുവടെപ്പറയുന്ന യോഗ്യതകളുള്ളവരെയാണ് പരിഗണിക്കുന്നത്.<br>1. സോഷ്യോളജി, സോഷ്യൽ വർക്ക്, ഹോം സയൻസ്, സൈക്കോളജി എന്നീ വിഷയങ്ങളിൽ ഏതെങ്കിലുമൊന്നിലുള്ള അംഗീകൃത സർവ്വകലാശാല ബിരുദം<br>അതല്ലെങ്കിൽ<br>2. ഏതെങ്കിലും വിഷയത്തിലുള്ള അംഗീകൃത ബിരുദവും, ഇന്ത്യൻ/ സ്റ്റേറ്റ് കൗൺസിൽ ഫോർ ചൈൽഡ് വെൽഫെയർ അല്ലെങ്കിൽ ഏതെങ്കിലും അംഗീകൃത സ്ഥാപനങ്ങൾ നൽകുന്ന ബാല സേവിക ട്രെയിനിംഗ് സർട്ടിഫിക്കറ്റ് (ഒരു വർഷ കാലാവധി) അഥവാ ഗവൺമെന്റ് അംഗീകൃത സ്ഥാപനത്തിൽ നിന്നുള്ള പ്രീ-പ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ് സർട്ടിഫിക്കറ്റ് |
| (സി) | പ്രസ്തുത തസ്തികയിൽ യോഗ്യതാ മാനദണ്ഡത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിന് നിർദ്ദേശം നൽകുമോ? | (സി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ